
# ഇ- മാഗസിൻ

## ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

# ആവാസ്



ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക

# എഡിറ്റോറിയൽ കമ്മിറ്റി

പ്രവീണ

ലക്ഷ്മി പ്രിയ

നന്ദന

ഗൗരി നന്ദന

അജിൻ

ശബരീനാഥ്

ശ്രീഹരി

അർച്ചന

ആദിത്യ

ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക

# ഉള്ളടക്കം

പേജ്


| | |
|---|---|
| 1 | സന്ദേശം |
| 2 | എൻെറ വിദ്യാലയം |
| 3 | പുതുവർഷം (കവിത) |
| 5 | ഗ്രാമ ഭംഗി (കവിത) |
| 8 | അമ്മ (കവിത) |
| 10 | അമ്മയുടെ നിർമ്മല സ്നേഹം (കവിത) |
| 12 | കാത്തിരുപ്പ് (ചെറുകഥ) |
| 16 | ഓർമ്മയിലെ താരകം (ചെറുകഥ) |
| 22-25 | വരകൾ |


ഗവ:ഹയർ സെക്കൻ്ററി സ്കൂൾ, പൂത്രുക്ക



# 1
# സന്ദേശം

ഹൈടെക് വിദ്യലയങ്ങളിലെ കുട്ടികളുടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐടി കൂട്ടായ്മയുടെ ആദ്യത്തെ മാഗസീൻ സംരംഭമാണ് "**ആവാസ്**".ഇതിൻെറ പ്രവർത്തനങ്ങളിൽ പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നതോടൊപ്പം തുടർ പ്രവർത്തനങ്ങൾക്കുഎല്ലാവിധആശംസകളുംനേരുന്നു.

ദേവാനന്ദൻ.ടി

(ഹെഡ്മാസ്റ്റർ)

**ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്രക്ക**

# എന്റെ വിദ്യാലയം പൂത്തൃക്ക


## 2



**ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക**

3

## പുതുവർഷം




അറിവിൻെറ  അക്ഷരമാലകളെയെല്ലാം
ഒപ്പിയെടുക്കാനായ്   വന്നവരെ

# 4


പിച്ചവച്ചമ്മയുടെ  കൈപിടിച്ചെത്തുന്ന
കുഞ്ഞോമനകളെ  കുട്ടികളെ
ഏറേപ്രതീക്ഷ തുളുമ്പുമാ  മാതാവിൻ
ദൃശ്യങ്ങൾ  ഹൃദയത്തിനാനന്ദമേറുന്നു
അമ്മക്കു തുല്ല്യമാം  അധ്യാപകരോഅറിവു
പകരാനായ് എത്തിയല്ലോ
പിഞ്ചോമനകൾ തൻ നൊമ്പരങ്ങൾ നാളെ
ഉദ്യോഗത്തിനിലതൻ പ്രതീകമാണ്
പുത്തൻ ഉടുപ്പുമായ്  പുതിയൊരാബാഗുമായ്
പുതുമ നിറഞ്ഞൊരാ വരവാണിത്
കുട്ടികൾ അവരുടെ  കൂട്ടുകാരും ചേർന്ന്ഒത്തുല്ലസിച്ചു
കളിതുടങ്ങിഓമനകൾക്ക്  സ്വാഗതവുമൊപ്പം
നല്ലൊരു  പുതുവർഷമാശംസകൾ

**അനഘാ കൃഷ്ണ**

**ഗവ:ഹയർ സെക്കന്ററി  സ്കൂൾ, പൂത്തൃക്ക**

5

# ഗ്രാമഭംഗി



ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക

# 6

സന്തോഷക്കുട ചൂടിനിൽക്കുമെൻ നാട് ,

കഥകൾക്കു വഴികാട്ടിയാകുമെൻ നാട് ,

സ്നേഹത്തിൻ വില അറിയിക്കുമെൻ നാട്,

എത്ര ഭംഗി എൻ ഗ്രാമ ഭംഗി .

പച്ചപ്പ് വിതറുമെൻ സുന്ദര നാട്,

പുഷ്പങ്ങൾ വിരിഞ്ഞ സുന്ദര നാട്,

നീലക്കുട ചൂടി നിൽക്കുമെൻനാട് ,

എത്ര ഭംഗി എൻ  ഗ്രമഭംഗി .

കവിതകൾ ചൊല്ലിയ സുന്ദര നാട്,

പാട്ടുകൾ പാടിയ സുന്ദര നാട്

കഥകൾ പറഞ്ഞ സുന്ദര നാട്

എത്ര ഭംഗി എൻ   ഗ്രാമ ഭംഗി .

സൂര്യപ്രകാശം വിതറുന്ന നാട്,

# 7

ചന്ദ്രനിലാവ് പൂക്കുന്ന നാട്

അറിവിന്റെ കായ്കൾ വിരിയുന്ന നാട് ,

എത്ര ഭംഗി എൻ ഗ്രാമ ഭംഗി .

ജീവ ജോർജ്

10 c

# 8

## അമ്മ



ഗവ:ഹയർ സെക്കന്ററി  സ്കൂൾ, പൂത്തൃക്ക

# 9

എന്നുമെൻ ചാരെ
നിറവാർന്ന മിഴിയുമായ്
വന്നു ......
അമ്മതൻ ഹൃദയമെന്ന
മായാനിലാവിനെ
മറക്കാനാകുമോ  എൻ ഹൃദയമേ
എൻ ജീവനായ് കരുതിയതും
എനിക്കായ് മിഴിയടയ്ക്കാതിരുന്നതും
എനിക്കായ് ഏറ്റ പ്രാണവേദനയും
മറക്കുമോ മറക്കാനാകുമോ
എൻ അമ്മേ നിൻ വാത്സല്ല്യവും
സ്നേഹവും എൻ അന്ത്യനാൾ വരെ

ബ്ലസ്സി ജോയ്

# അമ്മയുടെ നിർമ്മല സ്നേഹം

സ്നേഹം തുളുമ്പുമാ പുഞ്ചിരി നൽകി
എന്നെ ഉണർത്തിയ പൊൻ താരം
വിണ്ണിൽ നിന്നും അടർന്ന്  വീണതാണോ
അതോ മണ്ണിൽ പൊട്ടി വിടർന്നതാണോ
ലോലമാം കൈകളാൽ എന്നെ തഴുകി
എൻ ചെറു കവിളിൽ മുത്തമേകി
ഓമനേ  എന്ന് വിളിച്ചിടും
എൻ്റെ അമ്മ എൻ്റെ സ്വന്തം അമ്മ
അച്ഛൻ കാണാതെ അനുജതി കാണാതെ
തേനിൻ തുള്ളി എൻ നാവിൽ പകരം
മാനത്തെ പൊന്നമ്പിളി മാമനെ കാട്ടി
നറുനെയ്യും കൂട്ടി പാപ്പം തരും
എൻ്റെ അമ്മ എൻ്റെ സ്വന്തം അമ്മ

ഇന്ദ്രദേവന്റ  കടാക്ഷമാണോ

അതോ സൂര്യഭഗവാന്റ   പൊൻ പ്രഭയോ

ആദ്യമായി ഞാൻ നനഞ്ഞ മഴയോ

ഞാൻ ആദ്യമായി നുകർന്ന പ്രണയമോ

എന്റെ ഉള്ളിൽ ജീവശ്വാസം നൽകി "അമ്

BINITHA MATHEW
8B

# കാത്തിരിപ്പ്



തുരുമ്പ് പിടിച്ച ജനലഴിയിലൂടെ അവർ നോക്കി നിന്നു.

നാളെ അവൻ വരുമെന്ന പ്രതീക്ഷയിൽ .

അപ്പോൾ മുറ്റത്ത് ഒരു തള്ളക്കോഴി തന്റെ

# 13

കുഞ്ഞുങ്ങളെ ചിറകിനടിയിൽ ചേർത്തു നിർത്തി

കൊണ്ടു പോകുന്നത് കണ്ടു .

ആ കോഴി എത്ര കരുതലോടെയാണ് തന്റെ

കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത് .

പെട്ടെന്ന് ആ അമ്മയുടെ മനസ്സിൽ ഒരു -

ഓർമ്മ ആ വഴിപോയ കാറ്റിന്റെ കൂടെ -

ഒഴുകിയെത്തി. കഴിഞ്ഞകൊല്ലം ഏകദേശം ഇതേ

ആഴ്ചയോടടുത്ത് അവൻ എന്റെ അടുത്ത്

ഓടി വന്ന് പറഞ്ഞത്, "അമ്മേ എനിക്ക്

ഒരു ജോലി കിട്ടി".

എന്ത് സന്തോഷമായിരുന്നു അവന് .

"എന്തു ജോലിയാ മോനെ " അമ്മ തിരക്കി.

"അതിപ്പ അമ്മ അറിയണ്ട, കുറച്ച് പൈസ കിട്ടിയിട്ട് പറയാം"

അതു കേട്ടപ്പോൾ അമ്മയ്ക്ക് കുറച്ച് വിഷമമായി എന്നാലും ഇനി ആരുടെയും മുന്നിൽ കൈനീട്ടണ്ട എന്ന ഒരാവശ്യം അവർക്കുണ്ടായി.

"അമ്മേ നാളെ രാവിലെ തന്നെ പുറപ്പെടണം", അവൻ അമ്മയോട് പറഞ്ഞു.

കുടുതലൊന്നും പിന്നെ അമ്മ ചോദിച്ചില്ല.

മകൻെറ തീരുമാനത്തിൽ അവർക്ക് വിശ്വാസ - മുണ്ടായിരുന്നു.

പിറ്റേന്ന് രാവിലെ തന്നെ അവൻ ഇറങ്ങിത്തിരിച്ചു .

രണ്ടു മാസം കഴിയുമ്പോൾ അവൻ ലീവിനുവരും .

വരുമ്പോൾ കൈനിറയെ സമ്മാന

പൊതിയായായിട്ടായിരുന്നു. അമ്മയ്ക്കെല്ലാക്കൊല്ലവും

അവൻ പണം അയയ്ച്ചു കൊടുക്കുമായിരുന്നു എന്നിട്ടും

അവൻ തന്റെ ഉദ്യോഗം പറഞ്ഞില്ല ആരോടും.

അങ്ങനെ മാസങ്ങൾ കടന്നു പോയി .

ഇന്നവൻ തിരികെയെത്തുന്നു . ഇനി ഒരു തിരിച്ചു

പോക്കില്ല.

കാത്തിരുന്ന് നേരം വൈകുന്നു. അവസാനം

അവൻ വന്നു. ആ ധീരജവാന് നാടിന്റെ

ആദരാഞ്ജലികൾ

ESTER SARA.JOHN

9B

16

# ഓർമ്മയിലെ

# താരകം

നെറ്റിയിലെ കുങ്കുമം മായുന്ന സമയത്ത് ഒരു സന്ധ്യയിൽ ആകാശത്തിൽ നിന്നും വിലപ്പെട്ടതായ ഓരോതുള്ളി മഴയും എന്നെ നോക്കി പുഞ്ചിരിക്കുന്നതുപോലെ താഴെ ഭൂമിയിലേക്കു പതിച്ചു. പള്ളിക്കൂടം വിട്ട് ഓരോ കുട്ടിയും സന്തോഷത്തോടെ വീട്ടിലേക്കു പോകുന്ന സമയം. എല്ലാകുട്ടികളും പല വർണ്ണത്തിലും ചിത്രത്തിലും ഉള്ള കുടകൾ പിടിച്ചു കൊണ്ട് നടക്കുന്നു . ഒരു കുട്ടി മാത്രം തനിച്ച് ഒരു കറുത്ത കാലൻ കുടയുമായി എന്റെ അരികിലേക്കുവന്നു .

ഞാൻ ആ കുട്ടിയോട് ചോദിച്ചു "മോളെ എന്തുകൊണ്ടാണ് നിന്റെ ഒപ്പം ആരുമില്ലാത്തത്"അവൾ എന്നോട് പറഞ്ഞു " ഞാൻ സാമൂഹികമായി പ്രവർത്തിക്കുന്നത് മൂലമാ " അവൾ പറഞ്ഞ മറുപടി എനിക്കൊന്നും മനസ്സിലായില്ല പക്ഷെ അപ്പോൾ അവളുടെ കണ്ണിൽ ജ്വലിക്കുന്ന തീ എന്റെ ശ്രദ്ധയിൽപ്പെട്ടു .ഞാൻ ബസ്സിൽ കയറി അവളുടെ കണ്ണുകൾ മനസ്സിൽ ഓർത്തുകൊണ്ട് നിൽക്കെ വണ്ടി മുന്നോട്ടു കതിച്ചു .

അടുത്ത ദിവസം പ്രകാശരശ്മികൾ മഴത്തുള്ളികൾ നിറഞ്ഞ ഇലകളുടേയും പൂക്കളുടേയും മേലും പതിച്ചു . വൈകിയെന്നറിഞ്ഞ കൂട്ടിലടച്ച തത്തമ്മയുടെ സങ്കടവും വാനിലൂടെപാറിപറന്നു

നടക്കുന്ന തത്തമ്മയുടെ സന്തോഷവും കണ്ട്
അസ്ഥമിക്കുന്ന സൂര്യനും നാളെ ഉദിക്കുന്ന
സൂര്യനെയും ഞാൻ ചിന്തിച്ചു നിൽക്കെ അവൾ
വന്നു."കൂട്ടുകാരികളും മോളും സാമൂഹികമായ
പ്രവർത്തിയും തമ്മിലുള്ള ബന്ധമെന്താ ?" അവൾ
പറഞ്ഞു "എന്റെ സ്കൂൾ എന്റെ സ്വപ്നമാണ് ഇപ്പോഴും
എന്റെ സ്കൂളിൽ ഒരു ശുചിത്വവുമില്ല ,പേപ്പറുകളെ
തട്ടിയിട്ട് നടക്കാൻ മേലാ .ഇതിനെതിരെയായിരുന്നു
എന്റെ പ്രതിഷേധം . എന്റെ കൂട്ടുകാരികളോട്
ഇക്കാര്യം ഞാൻ പറഞ്ഞു പക്ഷെ അധ്യപകർക്കെ
തിരെ പ്രവർത്തിച്ചാൽ അവർ പരീക്ഷയ്ക്ക് നമ്മളെ
തോൽപ്പിക്കുമെന്ന് അവർ മറുപടി പറഞ്ഞു .

വൃത്തിയാക്കാൻ ഒരു  ആളെ പോലും നിയമിച്ചിട്ടില്ല

പൈസ ഞങ്ങൾ കൊടുക്കണം എന്നിട്ടോ...” ഇത്

കേട്ടിട്ട് ഞാൻ ചിന്തിച്ചു  നമ്മുടെ  സർക്കാർ സ്കൂൾ

എന്ത് ഭേദമെന്ന് .അപ്പോഴും അവളുടെ കണ്ണിലെ

തീജ്വാല ആളിക്കത്തുന്നുണ്ടായിരുന്നു .

കുറച്ചു മാസങ്ങൾക്ക് ശേഷം ഏറ്റവും

നല്ല വായനയ്ക്ക് ഉള്ള അവാർഡ് ആസ്കൂളിന് ലഭിച്ച

കാര്യം ഞാൻ പത്രത്തിൽ വായിച്ചു .അതോടൊപ്പം

ഇന്ന്   രാത്രി  ആ  സ്കൂളിൽ പഠിക്കുന്ന  മുഴുവൻ

കുട്ടികൾക്കും അതിനുള്ള ഉപഹാരവും കൊടുക്കും .

അപ്പോൾ ആകുട്ടിയുടെ മുഖം എന്റെ മനസ്സിൽ

തെളിഞ്ഞു.  അന്നു രാത്രി  അവിടെ ഗംഭീരമായി ആ

ചടങ്ങു നടന്നു . അവൾക്ക് ഉപഹാരം ഒന്നും

# 20

വേണ്ടയെന്ന് പറഞ്ഞ് അവൾ ഒറ്റയ്ക്ക്  സ്കൂളിലിരുന്നു .

പല തരത്തിലുള്ള കലാരൂപങ്ങൾ

കളിസ്ഥലത്ത് അണിനിരന്നു . പടക്കങ്ങൾ

ആകാശത്തി-ലേക്ക് പോയി പൊട്ടി ചിതറുവാൻ

തുടങ്ങി .ഗംഭീര  ചടങ്ങാ-യി  മാറി .ആ ചടങ്ങുകൾ ഒരു

സമ്മേള വേദിയിലായിരുന്നു.അതുകൊണ്ടായിരിക്കണം

സ്കൂൾവൃത്തിയാക്കാ -തിരുന്നേ.പടക്കങ്ങൾ മുകളിൽ

പോയി പൊട്ടിഒരു തരി തീ ആ ഉപഹാരം

[സർട്ടിഫിക്കറ്റ്] നിരത്തി വച്ചിരുന്ന സ്ഥലത്തേക്കു

വീണു സ്കൂളിനു തീ പിടിച്ചു

കത്തിജ്വലിക്കുന്ന സ്കൂൾ കണ്ട്  കുട്ടികളും  അധ്യാപകരും

നിലവിളിച്ചു .ആ കുട്ടി സ്കൂളിനുള്ളിൽ ഉണ്ടായ കാര്യം

ആരും അറിഞ്ഞില്ല.കത്തിജ്വലിക്കുന്ന  തീയിൽ ഒരു

തീ അവൾക്കും പകർന്നുകൊണ്ട് അവൾ മരിച്ചു .

അടുത്ത ദിവസം രാവിലെ അച്ഛനെ കാണാത്തതു കൊണ്ട് കാര്യം അമ്മയോട് തിരക്കി .അമ്മ കാര്യംപറഞ്ഞു . പിന്നീട് അവളുടെ കൂട്ടുകാരികൾ അവളുടെകരിഞ്ഞ മുഖം നോക്കി വിലപിച്ചു .

രാവിലെ വിളക്കു വെച്ച് നാം ഉരുവിടുമ്പോൾ അവളുടെ ആത്മശാന്തിക്കു വേണ്ടി ഞാൻ പ്രാർത്ഥിച്ചു .

ഗ്രീന എൽസ.ബിനു

Vlll B

# 22



SREEHARI.M.S

ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക

# 23




SREEHARI.M .S

&

SABARINAD P.S

ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക


24




ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക

# 25

AJIN.K.JAYAN



ഗവ:ഹയർ സെക്കന്ററി സ്കൂൾ, പൂത്തൃക്ക